# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4143 16.05.17 ൽ മറുപടിയ്ക്ക്

### ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിൽ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ.അനിൽ അക്കര | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിൽ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ സംസ്ഥാനത്തൊട്ടാകെ ഏകീകൃത മാതൃകയിലല്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിന് ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾമൂലം ടെസ്റ്റ് ജയിക്കുന്നവരുടെ ശതമാനം കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | പുതിയ രീതിയിലെ ഡ്രൈവിംഗ് ടെസ്റ്റ് 16.05.2017 മുതലാണ് ആരംഭിയ്ക്കുക. അതിനുശേഷമേ ഇതു സംബന്ധിച്ച വിലയിരുത്തൽ നടത്താൻ കഴിയുകയുള്ളൂ. |
| (സി) | ഇക്കാര്യത്തിൽ കോടതിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; എന്ത് നിർദ്ദേശമാണ് കോടതി നൽകിയത്; | (സി) | ഉണ്ട്. സംസ്ഥാനത്തൊട്ടാകെ ഏകീകൃത രീതിയിൽ, ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനായുള്ള ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നത് 15.05.2017 വരെ മാറ്റിവയ്ക്കുവാൻ ബഹു.ഹൈക്കോടതി ഉത്തരവ് നൽകിയിരുന്നു. |
| (ഡി) | സംസ്ഥാനമൊട്ടുക്കും ഏകീകൃത മാതൃകയിൽ പരിഷ്കാരം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഇതിനായുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കേരളത്തിലെ എല്ലാ ആർ.ടി. ഓഫീസ് പരിധികളിലും കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റിംഗ് കേന്ദ്രങ്ങൾ ആരംഭിയ്ക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ